**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1093** **06-02-2023 - ൽ മറുപടിയ്ക്ക്**

**കൃഷിക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ വേങ്ങാടിക്കൽ പമ്പ് ഹൗസിൽ ഒരു വർഷത്തിന് മുൻപ് സ്ഥാപിച്ച 40 എച്ച്.പി. മോട്ടോർ ഇതുവരെ പ്രവർത്തനക്ഷമമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കാര്യക്ഷമമായി വെള്ളം പമ്പ് ചെയ്യാൻ സാധിക്കാത്തത് കാരണം നെൽകൃഷി ചെയ്യാൻ സാധിക്കാതെ നിരവധി കൃഷിക്കാർ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിക്കുന്ന അടിയന്തര നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | പഴയ 60 HP മോട്ടോർ പമ്പ് സെറ്റ് ഉപയോഗിച്ചാണ് കഴിഞ്ഞവർഷം വരെ പമ്പിങ് നടത്തിയിരുന്നത്. എല്ലാവർഷവും നിരവധി തവണ റിപ്പയർ ചെയ്തു കൊണ്ടാണ് ഈ പമ്പ് സെറ്റ് പ്രവർത്തിപ്പിക്കാറുള്ളത്. എന്നാൽ പ്രസ്തുത പമ്പ് സെറ്റ് കഴിഞ്ഞ സീസൺ അവസാനിക്കുന്ന സമയത്ത് റിപ്പയർ ചെയ്തിട്ടും പ്രവർത്തനക്ഷമമാവാതെ വന്നതിനാൽ പുതിയ 60 HP പമ്പ് സെറ്റ് സ്ഥാപിച്ച് ഇപ്പോൾ പമ്പിങ് നടത്തി വരികയാണ്. അത് പ്രകാരം കൃഷി ചെയ്യാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ കേടായ 40 എച്ച്പി പമ്പ് സെറ്റ് റിപ്പയർ ചെയ്യുന്നതിനുള്ള പ്രവൃത്തി 60 ശതമാനം പുരോഗതിയിലുമാണ്. |

സെക്ഷൻ ഓഫീസർ